267

<u>കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് സെക്രട്ടറിയുടെ നടപടിക്രമം</u>

(ഹാജർ-ആർ.ഉണ്ണികൃഷ്ണൻ)

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് - ക്ഷേത്ര പൂജയും താന്ത്രിക വിദ്യയും അഭ്യസിപ്പിക്കുന്ന അംഗീകൃത സ്ഥാപനങ്ങളുടെ പട്ടികയിൽ പട്ടവൻമഠം തന്ത്രവിദ്യാപീഠം എന്ന സ്ഥാപനത്തെ കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നമ്പർ.EA1-64/കെ.ഡി.ആർ.ബി/2018 തിരുവനന്തപുരം, തീയതി 19.04.2018

---

പരാമർശം:-
1. 01.03.2018-ലെ EA1-64/കെ.ഡി.ആർ.ബി/2018 നമ്പർ നടപടിക്രമം.
2. 26.03.2018-ലെ EA1-64/കെ.ഡി.ആർ.ബി/2018 നമ്പർ കത്ത്.
3. 14.03.2018, 22.03.2018 എന്നീ തീയതികളിൽ ശ്രീ.ബിജു നാരായണ ശർമ്മ സമർപ്പിച്ച അപേക്ഷകൾ
4. 07.04.2018-ൽ കൂടിയ വിദഗ്ദ സമിതിയുടേയും ബോർഡിന്റെയും യോഗ തീരുമാനം

<u>ഉത്തരവ്</u>

ക്ഷേത്ര പൂജയും താന്ത്രിക വിദ്യയും അഭ്യസിപ്പിക്കുന്ന സ്ഥാപനങ്ങളുടെ പട്ടികയിൽ മലപ്പുറം ജില്ലയിലെ ഏലംകുളം കുന്നക്കാവ് എന്ന സ്ഥലത്തെ പട്ടവൻമഠം തന്ത്രവിദ്യാപീഠം എന്ന സ്ഥാപനത്തെ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടു കൊണ്ട് സമർപ്പിച്ച അപേക്ഷ കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് നിയോഗിച്ച വിദഗ്ധ സമിതി 11.01.2018-ൽ സൂക്ഷ്മ പരിശോധന നടത്തുകയും അപേക്ഷയോടൊപ്പം ഹാജരാക്കിയ സിലബസ് പ്രകാരം കേരളീയ താന്ത്രിക ആചാര പ്രകാരമുള്ള പാഠ്യ പദ്ധതിയല്ല ഈ സ്ഥാപനത്തിൽ അഭ്യസിപ്പിക്കുന്നത് എന്ന കാരണത്താൽ അപേക്ഷ നിരസിക്കുകയും ആയത് പരാമർശം (2) പ്രകാരം അപേക്ഷകനെ അറിയിക്കുകയും ചെയ്തിരുന്നു.

എന്നാൽ ഈ തീരുമാനം പുന.പരിശോധിക്കണമെന്നാവശ്യപ്പെട്ട് ശ്രീ.ബിജു നാരായണ ശർമ്മ പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാനെ 07.04.2018-ലെ വിദ്ഗ്ദ സമിതിയുടെയും ബോർഡിന്റേയും സംയുക്ത യോഗത്തിനു മുമ്പിൽ നേരിട്ട് ഹാജരാകാൻ നിർദ്ദേശിക്കുകയും അന്നേ ദിവസം ടിയാൻ നേരിൽ ഹാജരായി വിശദീകരണം നൽകുകയുമുണ്ടായി.

ശ്രീ.ബിജു നാരായണ ശർമ്മ സമർപ്പിച്ച അപേക്ഷയും, ടിയാൻ വിദഗ്ധ സമിതിയുടേയും ബോർഡിന്റേയും മുമ്പാകെ സമർപ്പിച്ച വിശദീകരണവും കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് വിശദമായി

പരിശോധിക്കുകയും പട്ടവൻമഠം തന്ത്രവിദ്യാപീഠം എന്ന സ്ഥാപനത്തിൽ കേരളീയ വൈദിക താന്ത്രികാചാരം അഭ്യസിപ്പിക്കുന്നുണ്ടെന്ന് ശ്രീ.പി.ബിജു വിശദീകരിച്ചത് പരിഗണിച്ച് പട്ടവൻമഠം തന്ത്രവിദ്യാപീഠത്തെ ക്ഷേത്ര പൂജയും താന്ത്രിക വിദ്യയും അഭ്യസിപ്പിക്കുന്ന സ്ഥാപനമായി കണക്കാക്കി സൂചന (1) പ്രകാരമുള്ള അംഗീകൃത സ്ഥാപനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

അംഗീകൃത ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനത്തിലെ അദ്ധ്യയനവും പ്രവർത്തനവും തൃപ്തികരമല്ലെന്ന് ബോർഡിന് ബോദ്ധ്യപ്പെടുന്ന പക്ഷം ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതായിരിക്കും. അംഗീകരിക്കപ്പെട്ട സ്ഥാപനം വാണിജ്യാവശ്യത്തിനായി കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡിന്റെ പേര് ഉപയോഗിക്കാൻ പാടില്ലാത്തതാണ്. അംഗീകൃത ലിസ്റ്റ് ഓരോ മൂന്നു വർഷത്തിലൊരിക്കൽ പുന:പരിശോധനയ്ക്ക് വിധേയമാക്കുന്നതായിരിക്കും.

ഒപ്പ്
സെക്രട്ടറി

സ്വീകർത്താവ്

1. ശ്രീ.ബിജു നാരായണ ശർമ്മ,
   പട്ടവൻമഠം
   പട്ടവൻ തൊടി വീട്, കുന്നുകാവ് പി.ഒ,
   ചെറുകര, മലപ്പുറം

പകർപ്പ്-
1. സി.എ ടു ചെയർമാൻ, കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ്, തിരുവനന്തപുരം
2. മെമ്പർ-1, മെമ്പർ-11, കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ്, തിരുവനന്തപുരം
3. സെക്രട്ടറി,കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ്, തിരുവനന്തപുരം
4. കൺട്രോളർ ഓഫ് എക്സാമിനേഷൻ, കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ്, തിരുവനന്തപുരം
5. സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

മാനേജർ